# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4847 — 22.03.2018 -ൽ മറുപടിക്ക്

## ഗ്രീൻ കാർപ്പറ്റ് പദ്ധതി

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. വി. ജോയി

**ഉത്തരം**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

എ) ഉണ്ട്.

ബി) ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

ബി) ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. ഇതിൽ പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ

5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ

6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പ വരുത്തൽ, അടിയന്തിര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം

7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്ന തിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.

8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം - തിരിച്ചറിയൽ കാർഡ്

സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡുകളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ സുരക്ഷിതത്വത്തിനായി പ്രധാന മായും താഴെ പറയുന്ന കാര്യങ്ങളാണ് ഉറപ്പാക്കുന്നത്.

1. നിയമപാലകരുടെ സേവനം എപ്പോഴും ഉറപ്പാക്കുക.
2. നിയമലംഘന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക
3. അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ജാഗരൂക രാകുക
4. ടൂറിസം ബന്ധിത ഉല്ലാസ പരിപാടികൾ സുരക്ഷിതത്വ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
5. കായൽ, കടൽ എന്നിവയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തകരുടെ സാഹസിക ടൂറിസം പരിപാടികളും സുരക്ഷിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.
6. അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷ നൽകുന്ന തിനും, അത്യാഹിതങ്ങൾ സംഭവിച്ചാൽ ശ്രദ്ധിക്കുവാനുള്ള

ക്രൈസിസ് മാനേജ്മെന്റ് സംവിധാനമൊരുക്കുക.

| | |
|---|---|
| സി) ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മേഖലാ തലത്തിലും രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും ഡയറക്ടർ തലത്തിലും കാലാകാലങ്ങളിൽ നടത്തി വരുന്നു.<br>ഓരോ മൂന്നു മാസത്തിലൊരിക്കൽ ബഹു. ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എൻജിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.<br>അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും, സുസ്ഥിരമായ സംരക്ഷണവും |

ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു.

ഡി) മാലിന്യ സംസ്കരണത്തിന് പ്രത്യേക പ്രാധാന്യം നൽകി പരിസ്ഥിതി സൗഹൃദ ടൂറിസമെന്ന ഖ്യാതി നേടാനും കൂടുതൽ വിനോദ സഞ്ചാരികളെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡി) പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത വിധത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നത്. കേരളത്തിലേയ്ക്ക് എത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര അനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനത്തിനും അവ മെച്ചപ്പെടുത്തുന്നതിനും നില നിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടൂറിസം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ പരിസ്ഥിതിയ്ക്ക് ഒട്ടും തന്നെ കോട്ടം തട്ടാതെയുള്ള വികസനമാണ് ആസൂത്രണം ചെയ്യുന്നത്. മാലിന്യ നിയന്ത്രണം, ടൂറിസം കേന്ദ്രങ്ങളുടെ ശുചീകരണം എന്നിവയ്ക്കായി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മാലിന്യ സംസ്കരണത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഇതിനായി കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യമായ ഇടങ്ങളിൽ സീവേജ് ട്രീറ്റ് പ്ലാന്റുകൾ സ്ഥാപിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ